ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഒമാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം; പ്രധാനമന്ത്രിയുടെ എത്യോപ്യൻ സന്ദർശനം വിജയകരമായിരുന്നുവെന്ന് വിദേശകാര്യമന്ത്രാലയം.

   Prime Minister Narendra Modi received a warm welcome in Oman on the last leg of his tri-nation visit; the Ministry of External Affairs says the Prime Minister's Ethiopian visit was successful.

2. ആണവോർജ വിനിയോഗ ബിൽ 2025 ലോക്സഭ പാസാക്കി; രാജ്യസഭയിൽ സബ്ക ബീമാ സബ്കി രക്ഷാ ഇൻഷുറൻസ് ഭേദഗതി ബില്ലിൻ മേൽ ചർച്ച തുടരുന്നു.

   The Lok Sabha passed the Atomic Energy Utilization Bill 2025; Discussion on the Sabka Bima Sabki Raksha Insurance Amendment Bill continues in the Rajya Sabha.

3. ദൂരദർശന്റെയും ആകാശവാണിയുടെയും പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നതായി കേന്ദ്രസഹമന്ത്രി എൽ മുരുകൻ.

   Steps are being taken to strengthen the functioning of Doordarshan and All India Radio-MOS L Murugan.

4. 18 മോഡൽ പ്രീ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് സംസ്ഥാന മന്ത്രിസഭായോഗം; ഏഴ് സമുദായങ്ങളെ കൂടി ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തും.

**The state cabinet meeting increased the honorarium of the employees of 18 model pre-schools; Seven more communities will be included in the OBC list.**

5. **ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ നാലാം മത്സരം അൽപസമയത്തിനകം.**

**The fourth match of the India-South Africa T-20 series will be held shortly.**

**************************************

## DAY PM ETHIOPIA VISIT (INTRO)

നാല് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഒമാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. മസ്കറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒമാൻ ഭരണകൂടം ആചാരപരമായ വരവേൽപ്പാണ് ഇന്ത്യൻ പ്രധാനമന്ത്രിക്ക് നൽകിയത്. .എത്യോപ്യയിലെ സന്ദർശനം പൂർത്തിയാക്കിയാണ് ശ്രീ മോദി ഒമാനിലെത്തിയത്. പ്രധാനമന്ത്രി മോദിയുടെ എത്യോപ്യൻ സന്ദർശനം വിജയകരമായിരുന്നുവെന്ന് കേന്ദ്ര വിദേശകാര്യമന്ത്രാലായം അറിയിച്ചു. എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും ശ്രീ.മോദി അഭിസംബോധന ചെയ്തു. സമത്വപൂർണവും സമാധാനപരവുമായ ലോകത്തിനായി ഇന്ത്യയും എത്യോപ്യയും ഒരു കുടുംബത്തിലെ അംഗമായി പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. (പി.എം വോയിസ്)

എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി പ്രധാനമന്ത്രി വിപുലമായ ചർച്ചകളാണ് നടത്തിയത്. എത്യോപ്യയുടെ പരമോന്നത ബഹുമതി എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ്, പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. ഈ അവാർഡ് ലഭിക്കുന്ന ആദ്യത്തെ ആഗോള രാഷ്ട്രത്തലവനാണ് അദ്ദേഹം.

**************************************

## PM OMAN

സുൽത്താൻ ഹൈതം ബിൻ താരിക്കിൻ്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഒമാൻ സന്ദർശിക്കുന്നത്. ഇന്ത്യയും ഒമാനും തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും ശക്തമായ വാണിജ്യ, സാമ്പത്തിക ബന്ധം സ്ഥാപിക്കുന്നതിനുമുള്ള ചർച്ചകൾ ശ്രീ മോദി അദ്ദേഹവുമായി നടത്തും. ഒമാനിലെ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും പ്രധാനമന്ത്രി മോദി അഭിസംബോധന ചെയ്യും.

*****************************************

## PARLIAMENT PROCEEDINGS (INTRO)

സുപ്രധാന ബില്ലുകളിൽ ചർച്ച നടത്തി പാർലമെൻ്റ്. ആണവോർജ്ജ വിനിയോഗ ബിൽ 2025 ലോക്സഭ പാസാക്കി. ഇന്ത്യയുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആണവോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണ് ബില്ലിൻറെ ലക്ഷ്യം. വികസിത് ഭാരത് റോസ്ഗർ- ആജീവിക മിഷൻ ഗ്യാരണ്ടി- വിബിജി റാം ജി ബില്ലിൻമേൽ ലോക് സഭയിൽ ചർച്ച തുടരുകയാണ്. അതെസമയം, രാജ്യസഭയിൽ സബ്ക ബീമാ സബ്കി രക്ഷാ ഇൻഷുറൻസ് ഭേദഗതി ബില്ലിൻ മേൽ ചർച്ച തുടരുന്നു. പുനഃപരിശോധനയും ഭേദഗതി ചെയ്യലും ബില്ലും പരിഗണിക്കുന്നുണ്ട്.

**വിശദാംശങ്ങളിലേക്ക്.............**

## PARLIAMENT PROCEEDINGS (VOICE)

ആണവോർജ ഉൽപ്പാദനം, ആരോഗ്യ സംരക്ഷണം, ഭക്ഷണം, വെള്ളം, കൃഷി, വ്യവസായം, ഗവേഷണം, പരിസ്ഥിതി എന്നിവയിൽ ആണവ ശാസ്ത്രത്തിൻ്റെ പ്രയോഗം, സാങ്കേതികവിദ്യ നവീകരണം എങ്ങനെ ഉപയോഗിക്കുന്നു എന്ന

കാര്യം വ്യവസ്ഥ ചെയ്യുന്നതാണ് ലോക്സഭ ഇന്ന് പാസാക്കിയ ദി സസ്റ്റൈനബിൾ ഹാർനെസിംഗ് ആൻഡ് അഡ്വാൻസ്മെന്റ് ഓഫ് നുക്ലീയർ എനർജി ഫോർ ട്രാൻസ്ഫോർമിങ് ഇന്ത്യ ബിൽ 2025. ആണവോർജ നിയന്ത്രണ ബോർഡ് രൂപീകരിക്കാനും ആണവോർജ പരിഹാര ഉപദേശക സമിതി സ്ഥാപിക്കാനും ബിൽ ലക്ഷ്യമിടുന്നു. ലോകം മുഴുവൻ ശുദ്ധമായ ഊർജത്തിലേക്ക് നീങ്ങുകയാണെന്നും 2047 ഓടെ 100 ജിഗാ വാട്ട് ആണവോർജ ശേഷി കൈവരിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ബിൽ അവതരിപ്പിച്ചുകൊണ്ട് ആണവോർജ സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. (വോയിസ്)

ഓരോ ഗ്രാമീണ കുടുംബത്തിനും ഓരോ സാമ്പത്തിക വർഷത്തിലും 125 ദിവസത്തെ തൊഴിലും വേതനവും ഉറപ്പാക്കുന്ന വിബിജി റാം ജി ബിൽ ഗ്രാമീണ ഭാരതത്തിനായുള്ള ശാക്തീകരണവും വികസനവും ലക്ഷ്യമിടുന്നതാണെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ലോകസഭയിൽ പറഞ്ഞു. മൂന്ന് ഇൻഷുറൻസ് നിയമങ്ങൾ ഭേദഗതി ചെയ്യുന്നതാണ് സബ്കാ ബീമ സബ്കി രക്ഷ ബിൽ 2025. ഇന്ത്യൻ ഇൻഷുറൻസ് കമ്പനികളിലെ വിദേശ നേരിട്ടുള്ള നിക്ഷേപ പരിധി വർധിപ്പിക്കാനും റീ-ഇൻഷുറൻസ് ബിസിനസിൽ ഏർപ്പെട്ടിരിക്കുന്ന വിദേശ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് കുറക്കാനുമാണ് നിയമഭേദഗതി. രാജ്യസഭയിൽ ചർച്ച ചെയ്ത പുനഃപരിശോധനയും ഭേദഗതി ചെയ്യലും ബിൽ പ്രകാരം കാലഹരണപ്പെട്ട 71 നിയമങ്ങളാണ് പിൻവലിക്കുക. 1925 ലെ ഇന്ത്യൻ പിന്തുടർച്ച നിയമവും 2005 ലെ ദുരന്തനിവാരണ നിയമവും ഭേദഗതി ചെയ്യാനും ഈ ബിൽ ലക്ഷ്യമിടുന്നു. ഈ രണ്ടു ബില്ലുകൾക്കും ഇന്നലെ ലോക്സഭയുടെ അംഗീകാരം ലഭിച്ചിരുന്നു. വിദ്യാഭ്യാസം, സ്ത്രീകൾ, കുട്ടികൾ, യുവജനങ്ങൾ, കായികം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശകൾ

നടപ്പിലാക്കിയത് സംബന്ധിച്ച് കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവി പ്രത്യേക പ്രസ്താവനയും നടത്തി.

ന്യൂസ് ഡെസ്ക് ആകാശവാണി....

*****************************************

## RS – TOLL BOOTH

പരമ്പരാഗത ടോൾ പിരിവ് സംവിധാനത്തിന് പകരമായി അടുത്ത വർഷം അവസാനത്തോടെ രാജ്യത്തുടനീളം ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം നടപ്പിലാക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഹൈവേകളിൽ വാഹനങ്ങളുടെ സമയനഷ്ടം കുറയ്ക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്നും ശ്രീ.ഗഡ്കരി രാജ്യസഭയിൽ പറഞ്ഞു.

*****************************************

## L MURUGAN – DD AIR

ദൂരദർശന്റെയും ആകാശവാണിയുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ സുസ്ഥിര നടപടികൾ സ്വീകരിച്ചു വരുന്നതായി കേന്ദ്രസഹമന്ത്രി എൽ മുരുകൻ പറഞ്ഞു. 2022-25 കാലയളവിൽ സർക്കാരിതര പരസ്യത്തിൽ നിന്ന് ആകാശവാണിയും ദൂരദർശനും നേടിയ മൊത്തം വരുമാനം 587 കോടി രൂപയിലധികമാണെന്ന് അദ്ദേഹം ലോക്സഭയിൽ വ്യക്തമാക്കി. ടെലിവിഷൻ ചാനൽ റേറ്റിംഗിൽ തിരിമറി നടത്തിയെന്ന ആരോപണങ്ങളിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം റിപ്പോർട്ട് തേടിയതായും മന്ത്രി എൽ.മുരുകൻ ലോക്സഭയിൽ പറഞ്ഞു.

*****************************************

## LS - AADHAAR DATA

യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡാറ്റാബേസിൽ നിന്ന് ഇതുവരെ ആധാർ കാർഡ് ഉടമകളുടെ വിവരങ്ങൾ ചോർന്നിട്ടില്ലെന്ന് വ്യക്തമാക്കി കേന്ദ്ര സർക്കാർ. കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദയാണ് ഇക്കാര്യം ലോക്സഭയെ രേഖാമൂലം അറിയിച്ചത്. ലോകത്തിലെ ഏറ്റവും വലിയ ബയോമെട്രിക് ഐഡന്റിറ്റി സംവിധാനമാണ് ആധാർ എന്ന് അദ്ദേഹം പറഞ്ഞു.

*****************************************

## CABINET MEET

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ പ്രീ സ്കൂളുകളിലെ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് സംസ്ഥാന മന്ത്രിസഭായോഗം. അധ്യാപികമാർക്ക് 13,000 രൂപയായും, ആയമാർക്കും ഹെൽപ്പർമാർക്കും 9,000 രൂപയായുമാണ് പ്രതിമാസ ഓണറേറിയം വർദ്ധിപ്പിച്ചത്. മലബാർ കാൻസർ സെൻററിലെ ജീവനക്കാർക്ക് എൽ.ഐ.സി യുമായി ചേർന്ന് പെൻഷൻ പദ്ധതി നടപ്പിലാക്കും. ഏഴ് സമുദായങ്ങളെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്താനും മന്ത്രിസഭായോഗത്തിൽ തീരുമാനമായി. ബാലിജ, കവാരെ, ഗവാര, ഗവാരൈ, ഗവാരൈ നായിഡു, ബാലിജ നായിഡു, ഗജാലു ബാലിജ അഥവാ വള ചെട്ടി എന്നീ സമുദായങ്ങളെയാണ് സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തുക.

*****************************************

## SITHARAMAN- IEC (Intro)

കഴിഞ്ഞ ദശകത്തിൽ രാജ്യം എല്ലാ മേഖലകളിലും വലിയ വളർച്ച കൈവരിച്ചതായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. സാധാരണക്കാർക്ക് താങ്ങാനാവുന്ന നിരക്കിൽ അടിസ്ഥാന

ഇൻഷുറൻസ് പരിരക്ഷ സർക്കാർ ഉറപ്പാക്കിയതായും ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ ഇക്കണോമിക് കോൺക്ലേവിനെ അഭിസംബോധന ചെയ്തുകൊണ്ട് കേന്ദ്ര ധനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

**************************************

## RAJNATH SINGH-EXHIBITION

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് വീർ രംഗ് - ഓപ്പറേഷൻ സിന്ദൂർ പെയിന്റിംഗ് പ്രദർശനം സന്ദർശിച്ചു. ന്യൂഡൽഹിയിൽ പാർലമെന്റ് കലാമേളയുടെ ഭാഗമായാണ് സായുധ സേനയുടെ ശൗര്യം, ത്യാഗം, സേവനമനോഭാവം എന്നിവ അവതരിപ്പിക്കുന്ന പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. രാജ്യത്തെ ധീരരായ സൈനികരോടുള്ള നന്ദി പ്രകടിപ്പിക്കുന്നതിനും അവരുടെ പ്രചോദനാത്മകമായ കഥകൾ ഓരോ പൗരനിലേക്കും എത്തിക്കുന്നതിനുമുള്ള അർത്ഥവത്തായ ശ്രമമാണ് പ്രദർശനമെന്ന് പ്രതിരോധ മന്ത്രാലയം പറഞ്ഞു.

**************************************

## CRICKET- IND SA T20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ നാലാം മത്സരം ലഖ്നൗവിൽ അൽപസമയത്തിനകം ആരംഭിക്കും. അഞ്ച് മത്സരങ്ങൾ ഉള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം മറ്റെന്നാൾ അഹമ്മദാബാദിലാണ് നടക്കുന്നത്.

**************************************

## DIGITIZED FORM - SIR

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള വീടു തോറുമുള്ള വിവര ശേഖരണ ഘട്ടം നാളെ അവസാനിക്കും. ഡിസംബർ 23-ന് കരടു വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. ഇതിലുള്ള പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാൻ അവസരം ലഭിക്കും.

*******************************************

## CHHATTISGARH-MAOISTS

ഛത്തീസ്ഗഡിലെ നാരായൺപൂർ ജില്ലയിൽ പതിനൊന്ന് മാവോയിസ്റ്റുകൾ കീഴടങ്ങി. തലയ്ക്ക് ആകെ മുപ്പത്തിയേഴ് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റുകളാണ് കീഴടങ്ങിയത്. ഇവർക്ക് ഛത്തീസ്ഗഡ് സർക്കാരിന്റെ പുനരധിവാസ പദ്ധതി പ്രകാരം അമ്പതിനായിരം രൂപയുടെ ചെക്കുകൾ വീതം കൈമാറി.

*******************************************

## TEXTILE EXPORTS-DATA

വസ്ത്ര മേഖലയിലെ ഇന്ത്യയുടെ കയറ്റുമതി 2025 നവംബറിൽ 9.4 ശതമാനം വളർച്ച കൈവരിച്ചതായി കേന്ദ്ര സർക്കാർ. റെഡിമെയ്ഡ് വസ്ത്രങ്ങൾ, കോട്ടൺ നൂൽ, മനുഷ്യനിർമിത നൂൽ, തുണിത്തരങ്ങൾ തുടങ്ങിയവ ശ്രദ്ധേയ വളർച്ച രേഖപ്പെടുത്തിയതായി ടെക്സ്റ്റൈൽസ് മന്ത്രാലയം അറിയിച്ചു. 2025 ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ ചണ ഉൽപ്പന്നങ്ങൾക്ക് 6 ശതമാനത്തിലധികം വളർച്ചയുണ്ടായതായും മന്ത്രാലയം വ്യക്തമാക്കി.

*******************************************************************************************

*******************************************